വനിതാ പോലീസ് നിയമനത്തിനായുള്ള നോട്ടിഫിക്കേഷൻ

36 [1612] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിളിന്റെ പോസ്റ്റിലേക്കുള്ള നിയമനത്തിനായി പുതിയ അപേക്ഷകൾ ക്ഷണിക്കണമെന്ന് ഗവൺമെന്റ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്ന് എത്ര ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്നാണ് ഗവൺമെന്റ് ആവശ്യപ്പെട്ടത്;

(ബി) ഇത്ര ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടിയെടുക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെടാത്തപക്ഷം വനിതാ പോലീസ് നിയമനത്തിന് പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് എന്തടിസ്ഥാനത്തിലാണ്;

(സി) 30-12-2000-ൽ നിലവിൽ വന്ന വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച കാലത്ത് വനിതാ പോലീസ് നിയമനത്തിന് അഡൈസ് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി.-യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിലുള്ള 132 ഒഴിവുകൾ പി.എസ്.സി.-ക്ക് 29-3-2004-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സായുധ പോലീസ് സേന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

37 [1613] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സായുധ സേനയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതെന്നാണ്;

(ബി) തിരുവനന്തപുരം ജില്ലയിൽ സായുധപോലീസ് സേനയിലേക്കുള്ള നിയമനത്തിന് എത്ര പേർ ഉൾക്കൊള്ളുന്ന റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്;

(സി) അതിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു;

(ഡി) 2004-ൽ ഇതുവരെ തിരുവനന്തപുരം ജില്ലയിൽ സായുധസേനയിലേക്ക് എത്ര പേരെ നിയമിച്ചു;

(ഇ) ഇനി ഈ വർഷം പ്രസ്തുത ജില്ലയിൽ എത്ര ഒഴിവുണ്ടാകും;

(എഫ്) ഈ ഒഴിവിലേക്ക് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly